## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സർക്കാർ ട്രെയിനിംഗ് കോളേജ് അദ്ധ്യാപകർ - **സംസ്കൃതം** വിഭാഗം - പൊതു സ്ഥലംമാറ്റം - 2017 - 18 ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ :- ബി2/7720/2017/കോ.വി.വ (2) തിരുവനന്തപുരം തീയതി : 31/08/2017

---

പരാമർശം:-
1. ജി.ഒ (എം.എസ്) നമ്പർ 27/1994/ഉ.വി.വ തീയതി 21/02/1994
2. സ.ഉ (പി) നം.3/2017/ഉ.ഭ.പ.വ തിരുവനന്തപുരം തീയതി 25/02/2017
3. സ.ഉ (സാധാ) നം.1310/2017/ഉ.വി.വ തീയതി 11/07/2017
4. 25/08/2017 - ലെ ബി2/7720/2017 (2) നമ്പർ കരട് സ്ഥലം മാറ്റ പട്ടിക.
5. 10/03/2010 - ലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നം.ബി2/43357/2007/കോ.വി.വ
6. 31/07/2017 - ലെ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് നം. ബി2/7720/2017/കോ.വി.വ (1)

## ഉത്തരവ്

സർക്കാർ ട്രെയിനിംഗ് കോളേജിലെ സംസ്കൃതം വിഭാഗം അദ്ധ്യാപകരുടെ 2017- 18 ലെ പൊതു സ്ഥലം മാറ്റത്തിനുള്ള കരട് പട്ടിക പരാമർശം (4) പ്രകാരം പ്രസിദ്ധീകരിക്കുകയും അതിന്മേൽ പരാതിയുണ്ടെങ്കിൽ ടി പരാതി ഉത്തരവ് തീയതി മുതൽ ഏഴ് ദിവസത്തിനുള്ളിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമക്ഷം സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചുവടെ കാണുന്ന പ്രകാരം അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളിലേക്ക് സ്ഥലം മാറ്റി നിയമിച്ചുകൊണ്ടും മേൽ പരാമർശം 3, 6 എന്നിവ പ്രാബല്യ ത്തിൽ വരുത്തികൊണ്ടും ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റി നിയമിക്കപ്പെടുന്ന സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1. | ഡോ.കെ.ആർ.ഹരിനാരായണൻ<br>അസിസ്റ്റന്റ് പ്രൊഫസർ ഇൻ സംസ്കൃതം<br>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി ഇൻ എഡ്യൂക്കേഷൻ, തൃശ്ശൂർ (എം.എഡ് - ലെ പുനർ വിന്യാസം അവസാനിപ്പിച്ച്) (നിർബന്ധിതം) | ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട്.<br>(നിലവിലുള്ള ഒഴിവിൽ) |

സ്ഥലംമാറ്റം മാറ്റി നിയമിക്കപ്പെട്ട അദ്ധ്യാപകർ സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ പരമാവധി പത്ത് ദിവസത്തിനകം ജോയിൻ ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട പ്രിൻസിപ്പാൾ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. എന്നാൽ അപേക്ഷ പ്രകാരം സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർക്ക് ജോയിനിംഗ് ടൈമിന് അർഹത ഉണ്ടായി രിക്കുന്നതല്ല.

1935693 GOVERNMENT OF KERALA

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള (www.collegiateedu.kerala.gov.in) ഈ ഉത്തരവ് ഡൗൺ ലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

ഒപ്പ്/-
എം.എസ്.ജയ.ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

<u>പകർപ്പ്:-</u>

1. ബന്ധപ്പെട്ട പ്രിൻസിപ്പാൾ / അദ്ധ്യാപകർ
2. അക്കൗണ്ടന്റ് ജനറൽ, കേരള, കോട്ടയം
3. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
4. ഡയറക്ടർ/അഡീഷണൽ ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരുടെ സി.എ മാർക്ക്
5. നടപ്പ് ഫയൽ / കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ /02/09/2017